**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1595** **12.06.2019 ൽ** മറുപടിക്ക്

**പെരുമ്പടപ്പ് ബസ്സ് സ്റ്റാന്റിന്റെയും മിനി സിവിൽ സ്റ്റേഷന്റെയും നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | |
|---|---|
| തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ്സ്സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12.2.2019-ൽ വിളിച്ചുചേർത്ത യോഗ തീരുമാന പ്രകാരം RC1/23/2019 ഫയലിൽ സ്വീകരി ച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ്സ്സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12.02.2019 ൽ വിളിച്ചുചേർത്ത യോഗതീരുമാന പ്രകാരം ടി പ്രോജക്ടിനായി സ്വകാര്യ വ്യക്തി ഒരേക്കർ സ്ഥലം വിട്ടുനൽകുന്ന തിന് പകരമായി ടിയാൻ 2008-ൽ സർക്കാർ അനുമതി കൂടാതെ മൂന്നേക്കർ നെൽവയൽ നികത്തി നൽകിയ നടപടി സാധൂകരിക്കുന്ന കാര്യം, സ്ഥലവുമായി ബന്ധപ്പെട്ട റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട രേഖകളും ശേഖരിച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ